# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3896 24.08.2017-ൽ മറുപടിയ്ക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ആത്മഹത്യാ പ്രവണത

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ആത്മഹത്യാ പ്രവണത വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ആത്മഹത്യാ പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ പാലോട്, പെരിങ്ങമല പഞ്ചായത്തുകളിൽ കഴിഞ്ഞ അഞ്ചുവർഷമായി പൊതു സമൂഹത്തിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗങ്ങൾക്കിടയിലും ആത്മഹത്യാ പ്രവണത കൂടുന്നതായി ചില റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിരുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ സംസ്ഥാനത്തെ ശരാശരിയെക്കാൾ തിരുവനന്തപുരം കൊല്ലം ജില്ലകളിൽ ആത്മഹത്യ കൂടിവരികയാണെന്ന് കണ്ടിട്ടുണ്ട്. ഈ പ്രദേശത്ത് പട്ടികജാതി/ പട്ടികവർഗ്ഗക്കാരിലും ഈ നിരക്കിന് ആനുപാതികമായ തോതിൽ ആത്മഹത്യാ നിരക്കിലെ വർദ്ധന ദൃശ്യമാണ്. |
| (ബി) | ഇതിന്റെ നിജസ്ഥിതി അന്വേഷിച്ചറിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (ബി) | ഈ പ്രശ്നത്തിന്റെ നിജസ്ഥിതി അറിയുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്കക്ഷേമ, നിയമ, സാംസ്കാരിക, പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ പ്രദേശം സന്ദർശിക്കുകയും ഉദ്യോഗസ്ഥരിൽ നിന്നും ജനങ്ങളിൽ നിന്നും ചർച്ചയിലൂടെ കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രദേശത്തെ ജനങ്ങളുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങളും ആത്മഹത്യയുടെ കാരണങ്ങളും പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ ഉൾപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മനോരോഗ വിഭാഗത്തിന്റെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക വിലയിരുത്തലിൽ ലഹരിയുടെ അമിതമായ ഉപയോഗമാണ് ആത്മഹത്യകളുടെ പ്രധാന കാരണം എന്ന് മനസ്സിലായതിനാൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണവും നിരീക്ഷണവും ഏർപ്പാടാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ